ഉത്തരം.

(എ) പൂത്തിയായിട്ടില്ല.

(ബി) തീർച്ച പറയാൻ നിവൃത്തിയില്ല. ആവശ്യമായ നടപടികളും എടുത്തു വരികയാണു്.

പുതിയ വാർഡു്.

288. [22] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ഗവണ്മെൻറാശുപത്രിയോടനുബന്ധിച്ചു് പുതുതായി നിർമ്മിക്കുവാൻ തീരുമാനിച്ചിരിക്കുന്ന വാർഡിൻെറ പണി ഇനിയും ആരംഭിക്കാതിരിക്കുന്നതെന്തുകൊണ്ടാണു് ;

(ബി) അതിനുള്ള അഡ്മിനിസ്ട്രേറ്റീവു് സാങ്ഷൻ ഇതുവരെ കൊടുത്തിട്ടില്ലേ ;

(സി) ഇതിനാവശ്യമായ സാങ്ഷൻ നല്കി ഉടനെ ഈപണി ആരംഭിക്കുവാൻ ദയവായി നടപടികളെടുക്കുമോ ?

ഉത്തരം.

(എ) പുതിയ ഔട്ടുപേഷ്യൻറു് ബ്ലോക്കിൻെറ പണി ഇക്കൊല്ലം ആരംഭിക്കുന്നതാണു്.

(ബി) കൊടുത്തിട്ടുണ്ടു്.

(സി) ഉദിക്കുന്നില്ല.

പ്രൈമറി ഹെൽത്തു സെൻറർ.

289. [23] ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ബ്ലോക്കിനു കീഴിൽ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ള പ്രൈമറി ഹെൽത്തു സെൻറർ ആരംഭിക്കുന്നതിനു് എന്തുകൊണ്ടാണു് കാലതാമസം നേരിടുന്നതു് ;

(ബി) ഇതിലേക്കു് വിട്ടുതന്നിട്ടുള്ള റെൻറു് ഫ്രീ ബിൽഡിംഗിൽ ഉടനെ ഈ സെൻറർ ആരംഭിക്കാൻ ദയവായി നടപടികളെടുക്കുമോ ?

ഉത്തരം.

(എ) ഈ സ്കീമിനെ സംബന്ധിച്ചുള്ള ഒരു വിശദമായ റിപ്പോർട്ടു് ഹെൽത്തു സർവ്വീസസു് ഡയറക്ടറോടു് ആവശ്യപ്പെട്ടിരിക്കയാണു്. അതു കിട്ടിയാലുടനെ തന്നെ വേണ്ട നടപടികളും എടുക്കുന്നതാണു്.

(ബി) നടപടികളെടുത്തുവരികയാണു്.

9 A. M.] **Mr. Speaker** : Order, order, question hour is over.

ADJOURNMENT MOTION

Closure of Spinning and Weaving factory at Kulappuram.

Mr. Speaker: The hon. Minister for Transport and Labour may now enlighten the House on the facts concerning the Adjournment Motion of Shri N. E. Balaram.

LIBRARY ARCHIVES Kerala Legislative Assembly

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

ഇന്നലെ ശ്രീമാൻ എൻ. ഈ. ബലറാം, കുളപ്പുറം സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലിനെ സംബന്ധിച്ച് അടിയന്തിരപ്രമേയത്തിനുള്ള ഒരു നോട്ടീസ് തരികയുണ്ടായി. ഈ സഭയിൽ കഴിച്ച ദിവസങ്ങൾക്കു മുമ്പ് റൂം 61 അനുസരിച്ചുള്ള ഒരു പ്രമേയം കൊണ്ടുവരികയും ചർച്ച നടത്തുകയുമുണ്ടായി. അതിനുശേഷം ലേബർകമ്മീഷണർ കോഴിക്കോട്ടുപോയി ഇരുകക്ഷികളെയും വിളിച്ചു ഒരു കാൺഫറൻസ് നടത്തി. ആ കാൺഫറൻസിൽവച്ച് ഉടമകൾ പറയുകയുണ്ടായി, അവിടെയുള്ള സ്റ്റാക്ക് വിറഴിക്കാതെ അവർക്ക് എല്ലാ ദിവസവും തുടച്ചയായി തൊഴിലാളികൾക്ക് ജോലി കൊടുക്കാൻ സാദ്ധ്യമല്ല എന്നും, അതുകൊണ്ട് അവർ അഞ്ചു ദിവസം ജോലി ചെയ്താൽ ഒരു ദിവസം ലേ ആഫ് കൊടുക്കാമെന്നും, അങ്ങനെ അതിനു ഒരു പരിഹാരമുണ്ടാക്കാം എന്നുള്ള കാര്യത്തിൽ ഈ ഉടമയെ സംബന്ധിച്ചിടത്തോളം ഈ സ്റ്റാക്ക് വിറഴിക്കുന്നതാണെന്നും, അതുവരെ നേരത്തെ പറഞ്ഞതുപോലെ പ്രവർത്തിക്കാൻ തയ്യാറാണെന്നുമുള്ള ഒരു സൗഹൃദപൂർവ്വമായ മനോഭാവമാണ് അവിടെ കണ്ടത്. പക്ഷെ ഫാക്ടറിയിൽ ചെന്ന് തൊഴിലാളി പ്രതിനിധികളും ഉടമയുടെ പ്രതിനിധികളും ഡിസ്ട്രിക്ട് ലേബർ ആഫീസറുമായി എത്ര സ്റ്റാക്കുണ്ടെന്നും ഈ സ്റ്റാക്ക് എങ്ങനെ എത്ര ദിവസംകൊണ്ട് ഇല്ലാതാക്കാൻ സാധിക്കുമെന്നും മനസ്സിലാക്കുന്നതിനായി ഒരു fact finding നായിട്ട് ഡിസ്ട്രിക്ട് ലേബർ ആഫീസറുമായി 1-ാംനു- അവിടെ ചെന്ന ഒരു പരിശോധന നടത്തുകയുണ്ടായി. ആ പരിശോധനയുടെ ഫലമായിട്ട് എന്തു തീരുമാനമാണെടുക്കേണ്ടതു് എന്ന തീരുമാനിക്കാൻ 7-ാനു-കു ഒരു കാൺഫറൻസ് വച്ചിരിക്കുകയാണു്. ഈ പവ്വർലൂം ഫാക്ടറി ഉടമസ്ഥന്മാരുടെ കീഴിലുള്ള ഹാൻഡ്ലൂം ഫാക്ടറികളിലെ തൊഴിലാളികൾക്ക് ജോലി നൽകുന്നതിനായി ശ്രീമാൻ ടി. സി. നാരായണൻ നമ്പ്യാർ തന്നെ പറയുകയുണ്ടായി, കണ്ണീരും കൈയുമായി കഴിയുകയാണു്. കൈത്തറിത്തൊഴിലാളികൾ എന്നു്—അങ്ങനെ വരാതിരിക്കാൻ വേണ്ടി ഇവിടെയുള്ള നൂൽ അവിടെയുള്ള തൊഴിലാളികൾക്ക് ഉടനെ എത്തിച്ചുകൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ലോറിയിൽ കയറ്റിയപ്പോൾ അവിടത്തെ ജോലിക്കാർ അതിനെ തടയുകയുണ്ടായി. അതിനെ തുടർന്നു് ഉടനെതന്നെ മില്ലുടമ പോലീസിന്റെ സഹായം ആവശ്യപ്പെടുകയും പോലീസ് ഇടപെട്ടതിന്റെ ഫലമായി ജോലിക്കാർ തടഞ്ഞുവച്ച ലോറി വിട്ടുകൊടുക്കുകയും ചെയ്തു. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം എനിക്ക് പറയാനുള്ളതു്, അവിടെയുള്ള തൊഴിലാളികളെ കണ്ണീരും കൈയുമാക്കാൻ വേണ്ടിയല്ല അങ്ങനെ ചെയ്തതെന്നാണു്. ലേബർ ആഫീസറും, തൊഴിലാളി പ്രതിനിധികളും ഉടമയുടെ പ്രതിനിധികളുമായി ഈ പരിശോധന നടത്തിയിട്ട് അവിടെ ലേ ആഫ് ക്ലോസാതെ സാധിക്കുമോ എന്നു് അറിയുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ 7-ാനു- വച്ചിരിക്കുന്ന കാൺഫറൻസിൽ ഒരു തീരുമാനം എടുക്കുന്നതിനും ശ്രമിക്കും. അവിടെ വച്ചുണ്ടാക്കിയ തീരുമാനപ്രകാരം ആഴ്ചയിൽ മൂന്നു ദിവസം വർക്ക് കൊടുക്കുകയും, മൂന്നു ദിവസം ലേ ആഫ് കൊടുക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ നിയമപ്രകാരം കാമ്പൻസേഷൻ കൊടുത്തു കുറേപേരെ പിരിച്ചുവിടുകയോ ചെയ്യണമെന്നും അതുവരെയാതൊരു അനിഷ്ടസംഭവവും ഉണ്ടാകുകയില്ലെന്നും ഒരു ധാരണയുണ്ടായിരുന്നു. കുറെ നൂൽ അവിടെനിന്നും കൊണ്ടുപോയി. മേലാൽ അവിടെ യാതൊരു അനിഷ്ടസംഭവവുമുണ്ടാകാതിരിക്കുന്നതിനു് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ടു്. ഇപ്പോൾ അവിടെ കുഴപ്പങ്ങളൊന്നും ഇല്ലെന്നാണു് എനിക്ക് കിട്ടിയിട്ടുള്ള അറിവു്.

ശ്രീ. എൻ. ഈ. ബലറാം : 7-ാനു- ഈ പ്രശ്നം വീണ്ടും ചർച്ച ചെയ്യാമെന്നും അതുവരെ മില്ലിനുള്ളിൽനിന്നും ചരക്ക് പുറത്തുകൊണ്ടുപോകുകയില്ലെന്നും സമ്മതിക്കുകയും അതിനുശേഷം അവർ ഒരു കൃത്രിമത്തിനു് ശ്രമിക്കുകയുമാണു് ചെയ്തതു്. അതുകൊണ്ടാണു് അവിടെ കുഴപ്പമുണ്ടായതു്. അല്ലെന്നു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെങ്കിൽ അന്നത്തെ തീരുമാനം ലംഘിക്കുകയില്ലായിരുന്നു. മാനേജ്മെന്റ് പറയുന്നതുമാത്രമാണ് ശരി എന്നു വിശ്വസിച്ചുകൊണ്ട് തൊഴിലാളികളുടെ ഭാഗത്തെ സമീപിക്കുന്നതു ശരിയല്ല. ഏഴാം തീയതിതന്നെ ഈ പ്രശ്നത്തിനു ഒരു പരിഹാരം ഉണ്ടാക്കുന്നതിനു മാനേജ്മെന്റിനെ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടുണ്ട്.

പിന്നെ കുറെ ആളുകളെ പോലീസ് അവിടെനിന്നും നീക്കി എന്നു പറഞ്ഞു. അവിടെ പത്തു തൊണ്ണൂറു ആളുകളുടെമേൽ പോലീസ് ബല പ്രയോഗം നടത്തി. അതിന്റെ ഫലമായി അഞ്ചോ പത്തോ പേർ ആശുപത്രിയിൽ പ്രവേശിക്കയുണ്ടായി. അപ്പോഴും ആളുകളെ അവിടെനിന്നും നീക്കി എന്നു പറയുന്നതിൽ അർത്ഥമില്ല.

Shri T. C. Narayanan Nambiar : Sir, reference was made by the hon. Minister regarding my statement. In this connection, I want to make that point clear.

ബഹുമാനപ്പെട്ട മന്ത്രി കണ്ണീരുംകൈയുമായിക്കഴിയുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഞാൻ പറഞ്ഞ ആ വാക്കുകൾ മിസ്കോട്ട് ചെയ്യുകയാണ് എന്നു പറയേണ്ടിവന്നതിൽ എനിക്ക് വ്യസനമുണ്ട്. പരമാർത്ഥത്തിൽ ഈ കളപ്പുറം സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസിൽ നൂൽ ഉണ്ടായിരുന്നില്ല. അവിടെ ഉണ്ടായിരുന്ന വസ്തുക്കൾ എടുത്തുകൊണ്ടു പോകുകയാണുണ്ടായതു്. ലേബർ കമ്മീഷണറുടെ തീരുമാനത്തിനുശേഷം മിൽ ഉടമ കോടതിയിൽപോയിട്ട് കോടതിയും പറഞ്ഞിട്ടുള്ളതു്, തൊഴിലാളികളുടെ ഭാഗത്താണ് ന്യായം എന്നാണ്. അതിനുശേഷം ഗവണ്മെന്റിന്റെ ലേബർകമ്മീഷണർതന്നെ ആവശ്യപ്പെട്ട കാര്യങ്ങളെ മാനിക്കാതെയാണ് അവിടെ ഈ സംഭവങ്ങൾ നടന്നിട്ടുള്ളതു്. ഇതു വളരെ ആക്ഷേപാർഹവും അപലപനീയവുമായിട്ടുള്ള ഒരു പ്രവൃത്തിയാണ്. ഒരിക്കലും ഇതു അംഗീകരിക്കത്തക്കതല്ല. അവിടെ ഇപ്പോഴും സത്യഗ്രഹം നടക്കുകയാണ്.

Mr. Speaker : Since the matter is going to be considered by the parties on the 7th, instant, I withhold consent to the moving of the adjournment motion.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61

Non-Payment of rebate to weaving Co-operatives.

Mr. Speaker : I have received a notice under Rule 61 from Shri T. C. Narayanan Nambiar. I call upon the hon. Member to make a statement.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : സർ, കേരളത്തിലെ തുണിവ്യവസായത്തെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു മേഖലയാണ് കോവാപ്പറേറ്റീവ് സെക്ടർ. അതിൽ ഒരു ലക്ഷത്തി ഇരുപതിനായിരത്തിലധികം തറികളും ഇന്നിവിടെ ഉണ്ടെങ്കിലും പരസ്പരസഹായമേഖലയിൽ 48000 തറികളും മാത്രമെ വന്നിട്ടുള്ള. മിൽ വസ്ത്രങ്ങളുമായി കൈത്തറിത്തുണികളും മത്സരിക്കുവാൻ സാദ്ധ്യമല്ല. ഈ മത്സരത്തിന്റെ അന്തിമഫലം കൈത്തറി വ്യവസായം നശിച്ചുപോകുമെന്നുള്ളതാണ്. അതിന്റെ ഫലം വളരെ ദൂരവ്യാപകവും നമ്മുടെ രാജ്യത്തെ സാരമായി ബാധിക്കുന്നതുമാണ്. അതുകൊണ്ട് ഹാൻഡ്ലൂമിനെ നിലനിറുത്തുന്നതിനുവേണ്ടി ഒരു സഹായം എന്നുള്ള നിലയിൽ കൈത്തറിത്തുണികൾ വിൽക്കുന്നതിനു റിബേറ്റ് എന്ന പേരിൽ കുറെ സംഖ്യ അനുവദിച്ചു കൊടുക്കുന്നതിനാണ് ഇൻഡ്യാ ഗവണ്മെന്റും അഖിലേൻഡ്യാ കൈത്തറി ബോർഡും തീരുമാനിച്ചിട്ടുള്ളതു്. അതനുസരിച്ചു ആദ്യമായി ചെയ്തതു് തുണികൾ കെട്ടിക്കിടക്കുന്ന സഹകരണസംഘങ്ങൾക്ക്

LIBRARY ARCHIVES Kerala Legislative Assembly